**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 656** **28-06-2022 - ൽ മറുപടിയ്ക്ക്**

**വർക്കല നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വർക്കല നിയോജക മണ്ഡലത്തിൽ 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വകുപ്പ് ഏതൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | വർക്കല നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിനു കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും, ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറു കളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളിൽ സ്പേസർ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ പോൾ എർത്തിംഗ് പ്രവൃത്തികൾ, ഹൈ ടെൻഷൻ പോൾ കോയിൽ എർത്തിംഗ് പ്രവൃത്തികൾ, ഉപയോഗ ശൂന്യമായ 11 കെ.വി. ലൈൻ അഴിച്ചു മാറ്റുന്ന പ്രവൃത്തികൾ, ബിപിഎൽ സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടെ ആകെ 357.11 ലക്ഷം രൂപയുടെ 94 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2020-21 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിൽ ഉൾപ്പെടുത്തി 20.587 കി.മീ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുകയും, 665 മീറ്റർ സിംഗിൾ ഫേസ് ടു വയർ ലൈൻ വലിക്കുകയും, 576 മീറ്റർ സിംഗിൾ ഫേസ് ത്രീ വയർ ലൈൻ വലിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ചേർന്ന് ആകെ 30.25 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറു കളുടെ |

ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളിൽ സ്പേസർ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, 500 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, 15 ഫോൾട്ട് പാസ് ഇൻഡിക്കേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടെ ആകെ 730.81 ലക്ഷം രൂപയുടെ 181 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിൽ ഉൾപ്പെടുത്തി 450 മീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുകയും, 152 മീറ്റർ സിംഗിൾ ഫേസ് ത്രീ വയർ ലൈൻ വലിക്കുകയും ചെയ്യുന്ന പ്രവൃത്തികളിലായി ആകെ 128 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിട്ടുണ്ട്. 2022 ജൂലൈ മാസം പദ്ധതി പൂർത്തീകരണത്തിന് ലക്ഷ്യമിടുന്നു. പദ്ധതിക്കായി 2,10,000/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ കീഴിൽ സൗര ഒന്നാം ഘട്ട പദ്ധതിയിൽ 49 KW ന്റെ 12 സൈറ്റുകൾ കമ്മീഷൻ ചെയ്തു. 77 KW ന്റെ 13 സൈറ്റുകളുടെ പ്ലാന്റ് നിർമ്മാണം പൂർത്തിയായി.

സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ വർക്കല നിയോജകമണ്ഡലത്തിൽ 169.95 KW ന്റെ 52 സൈറ്റുകൾ കമ്മീഷൻ ചെയ്തു. 188.85 KW ന്റെ 57 സൈറ്റുകളുടെ നിർമ്മാണം പൂർത്തിയായി.

സൗര ഒന്നാം ഘട്ട പദ്ധതിയ്ക്ക് ഏകദേശം 22,05,000/ രൂപയും രണ്ടാംഘട്ട പദ്ധതിയ്ക്ക് ഏകദേശം 95,17,200/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.

1.83km 33kV ഓവർ ഹെഡ് ലൈനും 3.7km 33kV ഭൂഗർഭ കേബിളും വലിച്ച് ഇടവക്കടുത്ത് വിളക്കുളത്ത് ഒരു 33kV സബ്സ്റ്റേഷൻ സ്ഥാപിച്ചു.

വർക്കല 110kV സബ്സ്റ്റേഷനിൽ പഴയ 11kV പാനലുകൾ മാറ്റി പുതിയവ സ്ഥാപിച്ചു.

വിളക്കുളം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും അനുബന്ധ ലൈൻ വലിക്കുന്നതിലേക്കുമായി 9.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | വർക്കല സബ്സ്റ്റേഷനിൽ പുതിയ പാനലുകൾ സ്ഥാപിക്കുന്നതിന് 73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തികൾക്കും എത്ര തുക വീതമാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | വർക്കല നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിനു കീഴിൽ 2020-21 സാമ്പത്തിക വർഷത്തിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും, ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ-ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറു കളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളിൽ സ്പേസർ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആയി മാറ്റുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ പോൾ എർത്തിംഗ് പ്രവൃത്തികൾ, ഹൈ ടെൻഷൻ പോൾ കോയിൽ എർത്തിംഗ് പ്രവൃത്തികൾ, ഉപയോഗ ശൂന്യമായ 11 കെ.വി. ലൈൻ അഴിച്ചു മാറ്റുന്ന പ്രവൃത്തികൾ, ബിപിഎൽ സർവ്വീസ് കണക്ഷൻ നൽകുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടെ ആകെ 357.11 ലക്ഷം രൂപയുടെ 94 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2020-21 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിൽ ഉൾപ്പെടുത്തി 20.587 കി.മീ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുകയും, 665 മീറ്റർ സിംഗിൾ ഫേസ് ടു വയർ ലൈൻ വലിക്കുകയും, 576 മീറ്റർ സിംഗിൾ ഫേസ് ത്രീ വയർ ലൈൻ വലിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ചേർന്ന് ആകെ 30.25 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>2021-22 സാമ്പത്തിക വർഷത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറു കളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ, ലോ ടെൻഷൻ ലൈനുകളിൽ സ്പേസർ ഘടിപ്പിക്കുന്ന പ്രവൃത്തികൾ, 500 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ, 15 ഫോൾട്ട് പാസ് ഇൻഡിക്കേറ്റർ സ്ഥാപിക്കുന്ന പ്രവൃത്തികൾ എന്നിവ ഉൾപ്പെടെ ആകെ 730.81 ലക്ഷം രൂപയുടെ 181 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 2021-22 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ PPS പദ്ധതിയിൽ ഉൾപ്പെടുത്തി 450 മീറ്റർ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുകയും, 152 മീറ്റർ സിംഗിൾ ഫേസ് ത്രീ വയർ ലൈൻ വലിക്കുകയും ചെയ്യുന്ന പ്രവൃത്തികളിലായി ആകെ 128 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിട്ടുണ്ട്. 2022 ജൂലൈ മാസം പദ്ധതി പൂർത്തീകരണത്തിന് ലക്ഷ്യമിടുന്നു. പദ്ധതിക്കായി 2,10,000/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്.<br><br>സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ കീഴിൽ സൗര ഒന്നാം ഘട്ട പദ്ധതിയിൽ 49 KW ന്റെ 12 സൈറ്റുകൾ കമ്മീഷൻ ചെയ്തു. 77 KW ന്റെ 13 സൈറ്റുകളുടെ പ്ലാന്റ് നിർമ്മാണം പൂർത്തിയായി.<br><br>സൗര രണ്ടാംഘട്ട സബ്സിഡി പദ്ധതിയിൽ വർക്കല നിയോജകമണ്ഡലത്തിൽ 169.95 KW ന്റെ 52 സൈറ്റുകൾ കമ്മീഷൻ ചെയ്തു. 188.85 KW ന്റെ 57 സൈറ്റുകളുടെ നിർമ്മാണം പൂർത്തിയായി.<br><br>സൗര ഒന്നാം ഘട്ട പദ്ധതിയ്ക്ക് ഏകദേശം 22,05,000/ രൂപയും രണ്ടാംഘട്ട പദ്ധതിയ്ക്ക് ഏകദേശം 95,17,200/- രൂപയും വിനിയോഗിച്ചിട്ടുണ്ട്.<br><br>1.83km 33kV ഓവർ ഹെഡ് ലൈനും 3.7km 33kV ഭൂഗർഭ കേബിളും വലിച്ച് ഇടവക്കടുത്ത് വിളക്കുളത്ത് ഒരു 33kV സബ്സ്റ്റേഷൻ സ്ഥാപിച്ചു.<br><br>വർക്കല 110kV സബ്സ്റ്റേഷനിൽ പഴയ 11kV പാനലുകൾ മാറ്റി പുതിയവ സ്ഥാപിച്ചു.<br><br>വിളക്കുളം സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും അനുബന്ധ ലൈൻ വലിക്കുന്നതിലേക്കുമായി 9.98 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>വർക്കല സബ്സ്റ്റേഷനിൽ പുതിയ പാനലുകൾ സ്ഥാപിക്കുന്നതിന് 73 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ